# മലമ്പുഴയെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന മലിനീകരണം

ഡോ. പി.എസ്. പണിക്കർ

മലമ്പുഴ ജലാശയത്തിന്റെ വൃഷ്ടിപ്രദേശമായ മാന്തുരുത്തി വനത്തിൽ അടുപ്പുകുറ്റി പോലെ വ്യവസായ സ്ഥാപനങ്ങൾ - കേരള സ്പോഞ്ച് അയേൺ, മാവേലി സിമന്റ്, ഇമേജ് ബയോമെഡിക്കൽ ഫെസിലിറ്റിയും ഗുരുതരമായ രീതിയിൽ മലിനീകരണം പരത്തുന്നു. ഇവിടെനിന്നും മലമ്പുഴ ജലാശയത്തിലേക്ക് ഒരു കിലോമീറ്റർ ദൂരമേയുള്ളൂ. മാത്രമല്ല, ജലപാളിയുടെ ചരിവ് മലമ്പുഴയിലേക്കാണ്.

**1. കേരള സ്പോഞ്ച് അയേൺ ലിമിറ്റഡ് കഞ്ചിക്കോട്**

ഇരുമ്പ് ഉരുക്കുന്നതിനേക്കാളും താഴ്ന്ന ഊഷ്മാവിൽ ഇരുമ്പ് അയിർ കരി കത്തിച്ച് ഉരുക്കുമ്പോൾ പതയുള്ള ജ്വലിക്കുന്ന പച്ചിരുമ്പും ലോഹമാലിന്യങ്ങളും ഉണ്ടാകുന്നു. ഈ സ്പോഞ്ച് (പതയുള്ള) പച്ചിരുമ്പ് ചൂളയിൽനിന്ന് പുറത്തെടുത്ത് വലിയ കൂടം കൊണ്ടടിച്ച് പരത്തി കരിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നു. ഇത്തരം സ്പോഞ്ച് ഇരുമ്പിൽ 3% കരിയും മറ്റു മാലിന്യങ്ങളും കാണും. മദ്ധ്യകിഴക്കൻ രാജ്യങ്ങളിലും, ഈജിപ്തിലും, യൂറോപ്പിലും ആദ്യകാലങ്ങളിൽ ഇരുമ്പ് ഉണ്ടാക്കിയിരുന്നത് ഈ രീതിയിലാണ്. വളരെ കുറഞ്ഞ താപനിലയിൽ കുറച്ച് ഇന്ധനം ഉപയോഗിച്ച് ഇരുമ്പ് ഉണ്ടാക്കാമെന്നുള്ളതാണ് ഇതിന്റെ മെച്ചം. എന്നാൽ വളരെ കുറഞ്ഞ തോതിലേ ഈ സമ്പ്രദായമനുസരിച്ച് ഇരുമ്പ് നിർമ്മിക്കുവാൻ കഴിയൂ. മാത്രമല്ല, ഈ പ്രക്രിയ മൂലമുണ്ടാകുന്ന ലോഹമാലിന്യങ്ങൾ ഗുരുതരമായ രീതിയിൽ ജലവും, വായുവും, മണ്ണും മലിനീകരിക്കും. പശ്ചിമബംഗാളിൽ താൽഗൊണ്ടാ ജില്ലയിൽ വെളിമിനട് എന്ന സ്ഥലത്തെ ആഷിർവാദ് സ്റ്റീൽസ് & ഇൻഡസ്ട്രീസ് ലിമിറ്റഡ് സ്പോഞ്ച് അയേൺ ഫാക്ടറിയുടെ മലിനീകരണത്തെപ്പറ്റി അവിടത്തെ ഗ്രാമീണർ ഇങ്ങനെ പറയുന്നു: "ഇതിന്റെ മലിനീകരണം മൂലം കൃഷി നശിച്ചു. തൊഴിലാളികൾ കൃഷിയിടങ്ങളിൽ പണിയെടുക്കുവാൻ തയ്യാറല്ല. ഞങ്ങളുടെ കാർഷികോത്പന്നങ്ങൾ വാങ്ങുവാൻ ആരും തയ്യാറല്ല. നിരവധി ആളുകൾക്ക് ശ്വാസകോശരോഗങ്ങൾ പിടിപെട്ടു. ഞങ്ങൾക്ക് ഉറങ്ങുവാൻ കഴിയുന്നില്ല. രാത്രി വീട്ടിനുപുറത്ത് തണുത്ത കാറ്റേറ്റ് ഉറങ്ങിയാൽ രാവിലെ ഒരു പാളി പൊടി വന്ന് മൂടിയിരിക്കും. പൊടിമൂലം കള്ള് കറുത്തുപോകും. അതുകൊണ്ട് കുടിക്കാൻ ആളെ കിട്ടില്ല. ഈ ഫാക്ടറി ഞങ്ങളെ വെറും കൂലിക്കാരാക്കിത്തീർത്തു." ചുരുക്കത്തിൽ, സ്പോഞ്ച് അയേണിന്റെ മലിനീകരണം വളരെ ഭയാനകമാണ്. പരിഷ്കൃത രാഷ്ട്രങ്ങളും ഒറീസ്സപോലെയുള്ള സംസ്ഥാനങ്ങളും സ്പോഞ്ച് അയേൺ വ്യവസായം നിരോധിച്ചിട്ടുണ്ട്. അത് മാന്തുരുത്തി വനമേഖലയെയും മലമ്പുഴ ജലാശയത്തേയും തകർക്കുമെന്നതിൽ തർക്കമില്ല. കമ്പനി ഇവിടെ 30 ഏക്കർ സ്ഥലമാണ് വാങ്ങിയിട്ടുള്ളത്. അടുത്തുള്ള വനത്തിൽനിന്നും കമ്പനി പാറപൊട്ടിച്ചതായി പരാതിയുണ്ട്. ജനകീയ പ്രതിഷേധങ്ങളെ അവഗണിച്ചുകൊണ്ട് കമ്പനിയുടെ നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ നടന്നുവരുന്നു.

**2. മാവേലി സിമന്റ്സ് (പ്രൈവറ്റ് ലിമിറ്റഡ്)**

മലമ്പുഴ പഞ്ചായത്തിന്റെ പരിധിയിൽ മാന്തുരുത്തി നിക്ഷിപ്ത വനമേഖലയിൽ 1.91 ഏക്കർ സ്ഥലത്താണ് വനം കയ്യേറി മരങ്ങൾ മുറിച്ചുമാറ്റി, അടിക്കാട് വെട്ടി, പ്രകൃതി ഭേദം വരുത്തി കഴിഞ്ഞ 8 മാസമായി ഈ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കെട്ടിടങ്ങൾ, കൂളിങ്ങ് ചേമ്പർ, ചുറ്റുവേലി മുതലായവ ഖനനനിയമങ്ങൾ ലംഘിച്ചുകൊണ്ട് നിർമ്മിച്ചു. 1800 എം.ടി. പോർട്ട്ലസ് സിമന്റ് പ്രതിവർഷം ഉല്പാദിപ്പിക്കുന്നതിനുള്ള ക്ലിംഗർ സിമന്റ് യൂണിറ്റാണിത്. ഫാസ്റ്റ് ട്രാക്ക് കൗണ്ടറിൽ കൂടിയാണ് ഇതിന്റെ അനുമതി നേടിയിട്ടുള്ളത്. എന്നാൽ, മലമ്പുഴ ഡാം സംരക്ഷണ സമിതിയുടെ പരാതിയെ തുടർന്ന് വനംവകുപ്പ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടയുകയും വനം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. വനംവകുപ്പിന്റെ മിനി സർവ്വേ ടീം സ്ഥലം സർവ്വേ ചെയ്ത് ഇത് വനംഭൂമിയാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഫാക്ടറി ഉടമ ആർ.ഡി.ഒ. കോടതിയിൽ കൊടുത്ത കേസ്സും തള്ളി. എന്നാൽ ഫാക്ടറി കെട്ടിടങ്ങൾ പൊളിച്ചു നീക്കുവാനോ, വനമേഖലയുടെ വന്യതയെ ഗ്രസിച്ചു കൊണ്ടിരിക്കുന്ന യന്ത്രസാമഗ്രികൾ ലേലം ചെയ്ത് നീക്കുവാൻ വനംവകുപ്പ് ഇനിയും തയ്യാറായിട്ടില്ല. ക്ലിംഗർ, ജിപ്സം, ഫ്ളൈ ആഷ്, സിമന്റ് ധൂളികൾ എന്നിവ മലമ്പുഴ ജലാശയത്തെ മലിനീകരിക്കും. വനമേഖലയിലെ വൃക്ഷങ്ങളുടെ വളർച്ചയേയും ഇത് തടയും.

**3. ഇമേജ് ബയോ-മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്**

ഈ രണ്ട് ഫാക്ടറികൾക്കും അടുത്തുതന്നെ പുതുശ്ശേരി പഞ്ചായത്തിന്റെ പരിധിയിൽ അയ്യപ്പൻ കുന്നിന്റെ ചരുവിൽ കഴിഞ്ഞ ഒരു വർഷമായി ഈ കമ്പനി പ്രവർത്തിക്കുന്നു. ആദ്യം പരിസരവാസികൾ എതിർത്തിരുന്നെങ്കിലും അതിനെയെല്ലാം അടിച്ചിരുത്തി. കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും തമിഴ്നാട്ടിൽനിന്നുമുള്ള 105 ടണ്ണിലധികം (35 ടണ്ണിനാണനുവാദം) ആസ്പത്രി മാലിന്യങ്ങൾ ഇവിടെ ദിവസവും കൊണ്ടുവന്ന് സംസ്കരിക്കുന്നുണ്ട്. കേരളത്തിലെ 11 ജില്ലകളിലെ ഗവർമ്മെന്റ് ആശുപത്രികളിലെ മാലിന്യങ്ങൾ ഇവിടെ കൊണ്ടുവന്ന് സംസ്കരിക്കുന്നതിന് സർക്കാർ ഐ.എം.എ.യുമായി കഴിഞ്ഞ ജൂൺ 22ന് കരാറിലേർപ്പെട്ടു. മനുഷ്യശരീരാവയവങ്ങൾ, രക്തം, ഡ്രിപ്പ്സെറ്റ്, മറ്റ് പ്ലാസ്റ്റിക്കുകൾ, ഗ്ലൗസ് മുതലായവ ഇവിടെ കൊണ്ടുവന്ന് ഇൻസിനറേറ്ററിൽ കത്തിച്ച് അതിന്റെ ചാരം കുഴിച്ചിടുന്നു. ഇതിനു മുമ്പ് IMA തൊടുപുഴയിലും കണ്ണൂർ ജില്ലയിലും ഇത്തരം സംരംഭം തുടങ്ങുവാൻ ശ്രമിച്ചെങ്കിലും ജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് അത് ഉപേക്ഷിക്കുകയാണുണ്ടായത്. എന്തുകൊണ്ട് ഇത് പാലക്കാട് സ്ഥാപിച്ചു ? ആസ്പത്രികൾ കൂടുതലുള്ള പെരിന്തൽമണ്ണയിലോ, കോഴിക്കോട്ടോ,